ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വികസിത് ഭാരത് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ജിഡിപിയിൽ എട്ട് ശതമാനം വളർച്ച കൈവരിക്കേണ്ടത് അനിവാര്യമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.

   **Union Finance Minister Nirmala Sitharaman has said that eight percent growth in GDP is essential to achieve the goal of Vikasit Bharat.**

2. കഴിഞ്ഞ 11 വർഷത്തിനിടെ ഇന്ത്യയുടെ ക്ഷീരോത്പാദന മേഖല 70 ശതമാനത്തിലധികം വളർച്ച കൈവരിച്ചതായി കേന്ദ്രമന്ത്രി അമിത് ഷാ.

   **Union Minister Amit Shah has said that India's dairy sector has grown by more than 70 percent in the last 11 years.**

3. വിഭജനങ്ങളുടെയും യുദ്ധങ്ങളുടെയും കാലത്ത് സമാധാനപരമായ ലോകം സൃഷ്ടിക്കാൻ ഗാന്ധിജിയുടെ സന്ദേശത്തിന് വലിയ പ്രാധാന്യമുണ്ടെന്ന് ഐക്യരാഷ്ട്ര സഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്

   **United Nations Secretary-General Antonio Guterres said that Gandhiji's message is of great importance in creating a peaceful world in the era of divisions and wars.**

4. സാമൂഹിക സുരക്ഷയിലെ മികച്ച നേട്ടത്തിനുള്ള 2025 ലെ അന്താരാഷ്ട്ര സാമൂഹിക സുരക്ഷാ അസോസിയേഷൻറെ പുരസ്കാരം ഇന്ത്യയ്ക്ക്.

   **India has been awarded the 2025 International Social Security Association Award for Outstanding Achievement in Social Security.**

5. കേരളത്തിൽ വന്യജീവി വാരാഘോഷത്തിന് തുടക്കമായി. വനം - വന്യജീവി സംരക്ഷണം ഉറപ്പാക്കേണ്ടത് മാനവരാശിയുടെ നിലനിൽപ്പിന് അനിവാര്യമെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ.

   **Wildlife Week celebrations have begun in Kerala. Minister A.K. Saseendran has said that ensuring forest and wildlife protection is essential for the survival of human kind.**

6. വെസ്റ്റിൻഡീസിനെതിരായ ഒന്നാം ടെസ്റ്റിന്റെ ആദ്യ ഇന്നിംഗ്സിൽ ഇന്ത്യ കൂറ്റൻ സ്കോറിലേക്ക്.

   **India moving into huge score in the first innings of the first Test against the West Indies.**

************************

## SITHARAMAN-KAUTILYA CONCLAVE (INTRO)

വികസിത് ഭാരത് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ജിഡിപിയിൽ എട്ട് ശതമാനം വളർച്ച കൈവരിക്കേണ്ടത് അനിവാര്യമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ന്യൂഡൽഹിയിൽ കൗടില്യ സാമ്പത്തിക കോൺക്ലേവിന്റെ ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി.

(ഹോൾഡ് വോയ്സ്)

ആഗോള വെല്ലുവിളികൾക്കിടയിലും രാജ്യത്തിന്റെ വളർച്ച ആഭ്യന്തര ഘടകങ്ങളിൽ ഉറച്ചുനിൽക്കുന്നതായി ശ്രീമതി സീതാരാമൻ പറഞ്ഞു.

************************

## INDIA-US TRADE TALKS

ഇന്ത്യ - യു എസ്   വ്യാപാര ചർച്ചകൾ പുരോഗമിക്കുകയാണെന്ന്   യുണൈറ്റഡ് സ്റ്റേറ്റ്സ് വ്യാപാര പ്രതിനിധി  ജാമിസൺ ഗ്രീർ.

കരാറുമായി ബന്ധപ്പെട്ട്  ഇന്ത്യയുടെ സമീപനം പ്രയോഗികമാണെന്ന് അദ്ദേഹം പറഞ്ഞു. ന്യൂയോർക്കിലെ ഇക്കണോമിക് ക്ലബ്ബിൽ നടന്ന ചർച്ചക്കിടെയാണ്, ഇന്ത്യയുമായുള്ള വ്യാപാര കരാർ സംബന്ധിച്ച ചർച്ചകളെക്കുറിച്ച് അദ്ദേഹം സംസാരിച്ചത്.

*************************

## GUTERESS- GANDHI

വിഭജനങ്ങളുടെയും യുദ്ധങ്ങളുടെയും ഈ കാലത്ത് , "നീതിപൂർവവും സുസ്ഥിരവും സമാധാനപരവുമായ ഒരു ലോകത്തിനായി" പ്രവർത്തിക്കാനുള്ള ഗാന്ധിജിയുടെ സന്ദേശത്തിന് വലിയ പ്രാധാന്യമാണുള്ളതെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് . അഹിംസ ദുർബലരുടെ ആയുധമല്ല, അത് ധീരരുടെ ശക്തിയാണെന്നും  ഇത് ഗാന്ധിജി മനസ്സിലാക്കിയിരുന്നതായും  അന്റോണിയോ  ഗുട്ടറസ്  അഭിപ്രായപ്പെട്ടു.

*************************

## HM Amit Shah(INTRO)

കഴിഞ്ഞ 11 വർഷത്തിനിടെ ഇന്ത്യയുടെ ക്ഷീരോത്പാദന മേഖല 70 ശതമാനത്തിലധികം വളർച്ച കൈവരിച്ചതായി കേന്ദ്രമന്ത്രി അമിത് ഷാ.  രാജ്യത്തെ ഏറ്റവും വലിയ ക്ഷീരോൽപ്പാദന കേന്ദ്രമായ ഹരിയാനയിലെ സാബർ ഡയറി പ്ലാന്റ്   ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന ക്ഷീരോത്പാദന മേഖല ഇന്ത്യയുടേതാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്)

സഹകരണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഐഎംഡി റോഹ്തക്കിൽ 325 കോടി രൂപ ചെലവിൽ നിർമിച്ച അത്യാധുനിക സൗകര്യങ്ങളോടു കൂടിയ സാബർ ഡയറി പ്ലാന്റ് ഏകദേശം 1,000 പേർക്ക് തൊഴിൽ നൽകുന്നു.

*************************

## INDIA-ISSA AWARD

അന്താരാഷ്ട്ര സാമൂഹിക സുരക്ഷാ അസോസിയേഷൻറെ 2025 ലെ അവാർഡ് ഇന്ത്യയ്ക്ക്. സാമൂഹിക സുരക്ഷയിലെ മികച്ച നേട്ടത്തിനാണ് പുരസ്കാരം. ഓരോ പൗരനും സാമൂഹിക ക്ഷേമം ഉറപ്പാക്കുന്നതിൽ കേന്ദ്ര സർക്കാർ നടത്തിയ ശ്രമങ്ങൾക്കുള്ള തെളിവാണ് ഈ അംഗീകാരമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

ലോകത്തിലെ ഏറ്റവും മികച്ച സാമൂഹിക സുരക്ഷാ പദ്ധതിക്കാണ് രാജ്യം സാക്ഷ്യം വഹിച്ചതെന്ന് കേന്ദ്ര മന്ത്രിപറഞ്ഞു.

*************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന് ഇന്ന് 11 വയസ്സ്. 2014 ഒക്ടോബർ മൂന്നിനായിരുന്നു മൻ കി ബാത്തിന്റെ ആദ്യ പ്രക്ഷേപണം നടന്നത്. അമേരിക്കൻ പ്രസിഡന്റായിരുന്ന ബാരാക് ഒബാമ, ഉൾപ്പെടെയുള്ള നിരവധി പ്രമുഖർ മൻ കി ബാത് പരിപാടിയിൽ അതിഥികളിലായി എത്തിയിരുന്നു.

രാജ്യമെമ്പാടുമുള്ള ജനങ്ങളിൽ നിന്നും നേരിട്ട് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. പരിപാടിയുടെ 126-ാാം പതിപ്പാണ് കഴിഞ്ഞ മാസം നടന്നത്.

*************************

## Online Game

ഓൺലൈൻ ഗെയിമിംഗ് നിയന്ത്രണവുമായി ബന്ധപ്പെട്ട നിയമ നിർമ്മാണത്തെ സംബന്ധിച്ചുള്ള പൊതുജനാഭിപ്രായം സർക്കാർ ക്ഷണിച്ചു. ഓൺലൈൻ ഗെയിമുകളുടെ അംഗീകാരം, വർഗ്ഗീകരണം, രജിസ്ട്രേഷൻ, ഓൺലൈൻ സോഷ്യൽ ഗെയിമുകളുടെയും ഇ-സ്പോർട്സിന്റെയും പ്രോത്സാഹനം എന്നിവയ്ക്കുള്ള നിയന്ത്രണ ചട്ടക്കൂട് കരട് നിയമങ്ങൾ നൽകുന്നു. കരട് നിയമങ്ങളെക്കുറിച്ചുള്ള പൊതുജന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഈ മാസം 31-നകം ogrules.consultation@meity.gov.in എന്ന ഇമെയിൽ വിലാസത്തിൽ സമർപ്പിക്കാം.

*************************

## Wildlife Week Celebration

മാനവരാശിയുടെ നിലനിൽപ്പിന് വനം - വന്യജീവി സംരക്ഷണം ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ. വന്യജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് ചേളന്നൂരിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഭൂമി മനുഷ്യരുടേത് മാത്രമല്ലെന്നും പ്രകൃതിയും മനുഷ്യരും പരസ്പര പൂരകങ്ങളാണെന്നും ശ്രീ.ശശീന്ദ്രൻ പറഞ്ഞു. വനം-വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ ഈ മാസം എട്ട് വരെയാണ് വാരാഘോഷം.

*************************

## Chakka case verdict

തിരുവനന്തപുരം ചാക്കയിൽ 2 വയസുകാരിയെ തട്ടിക്കൊണ്ട് പോയി പീഡിപ്പിച്ച കേസിൽ പ്രതി ഹസൻ കുട്ടിക്ക് 67 വർഷം തടവ്. തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതിയുടേതാണ് വിധി. ഇതര സംസ്ഥാനക്കാരായ മാതാപിതാക്കൾക്കൊപ്പം റോഡരികിൽ കിടന്നുറങ്ങുകയായിരുന്ന കുട്ടിയെ തട്ടിക്കൊണ്ടു പോയ ശേഷം പീഡിപ്പിക്കുകയായിരുന്നു.

*************************

## CEC Gyanesh Kumar

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിനും മറ്റ് ഉപതിരഞ്ഞെടുപ്പുകൾക്കും മുന്നോടിയായി പുതുതായി നിയമിച്ച നിരീക്ഷകരുമായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്ന് ന്യൂഡൽഹിയിൽ യോഗം ചേരും. തിരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പുകൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘം നാളെയും മറ്റന്നാളും ബീഹാർ സന്ദർശിക്കും. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിനും എട്ട് സംസ്ഥാനങ്ങളിലെ ഉപതിരഞ്ഞെടുപ്പുകൾക്കുമായി 470 കേന്ദ്ര നിരീക്ഷകരെയാണ് നിയോഗിച്ചിട്ടുള്ളത്.

**************************

## Cricket Test

വെസ്റ്റ് ഇൻഡീസിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ കൂറ്റൻ സ്കോറിലേക്ക്. രണ്ടാം ദിവസമായ ഇന്ന് ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ ഇന്ത്യ 4 വിക്കറ്റ് നഷ്ടത്തിൽ 256 റൺ എടുത്തിട്ടുണ്ട്.

കെ എൽ രാഹുൽ സെഞ്ച്വറി നേടിയത് ഇന്ത്യക്ക് ഊർജമായി. രാഹുലിൻറെയും 50 റൺസെടുത്ത ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെയും വിക്കറ്റാണ് ഇന്ത്യയ്ക്ക് ഇന്ന് നഷ്ടമായത്. ധ്രുവ് ജുറേലും രവീന്ദ്ര ജഡേജയുമാണ് ക്രീസിൽ.

**************************

## CCPA-PENALTY

2022 ൽ യു പി എസ് സി നടത്തിയ സിവിൽ സർവീസ് പരീക്ഷ ഫലവുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിന് ഡൽഹിയിലെ സ്വകാര്യ കോച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് സെൻട്രൽ കൺസ്യൂമർ പ്രൊട്ടക്ഷൻ അതോറിറ്റി അഞ്ച് ലക്ഷം രൂപ പിഴ ചുമത്തി. ഈ സ്ഥാപനത്തിലെ 216 ൽ അധികം ഉദ്യോഗാർത്ഥികൾ പരീക്ഷയിൽ തിരഞ്ഞെടുക്കപ്പെട്ടതായി

പരസ്യത്തിൽ അവകാശപ്പെട്ടിരുന്നു. അന്വേഷണത്തിൽ, ഇത് തെറ്റാണെന്ന് കണ്ടെത്തെയെതിനെ തുടർന്നാണ് നടപടി.

*************************

## GST REFORMS- TWO WHEELERS & CARS

പുതു തലമുറ ജി എസ് ടി പരിഷ്ക്കാരങ്ങൾ സമൂഹത്തിന്റെ നാനാതുറകളിൽപെട്ടവർക്ക് വളരെയധികം പ്രയോജനം ചെയ്യു വരികയാണ്. ചെറു കാറുകൾക്കുള്ള നികുതി 18 മുതൽ 28 ശതമാനം വരെ കുറച്ചത് ഉപഭോക്താക്കൾക്ക് ആശ്വാസമാണ് . ഇടത്തരം കുടുംബക്കാർക്ക് സാമ്പത്തിക ബാധ്യത കുറയ്ക്കുന്ന നടപടി ചെറുകാറുകളുടെ വില്പനയ്ക്ക് ഊർജം പകരുന്നു.

*************************

## SPECIAL CAMPAIGN 5.0

ഭരണ പരിഷ്കരണ - പരാതി പരിഹാര വകുപ്പിന്റെ നേതൃത്വത്തിൽ മന്ത്രാലയങ്ങളിലെ വിവിധ വകുപ്പുകൾ ഈ മാസം 31 വരെ നീളുന്ന സ്പെഷ്യൽ ക്യാമ്പയിൻ 5.0 ക്ക് തുടക്കമിട്ടു. കാര്യക്ഷമത വർദ്ധിപ്പിക്കാനും നടപടിക്രമങ്ങൾ ഏകീകരിക്കാനും പൌര കേന്ദ്രീകൃത ഭരണം ലക്ഷ്യമിട്ടുമാണ് പരിപാടി സംഘടിപ്പിക്കുന്നത്.

*************************

## SENSEX+Gold

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 14 പോയിന്റ് നഷ്ട്ടത്തിൽ 80,967 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 10 പോയിന്റ് കുറഞ്ഞ് 24,826 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. സ്വർണം ഗ്രാമിന് 60 രൂപ കുറഞ്ഞ് 10,820 രൂപയും, പവന് 480 രൂപ കുറഞ്ഞ് 86,560 രൂപയുമാണ് ഇന്നത്തെ വില.

*************************

## Ochira

ഓണാട്ടുകരയ്ക്ക് പ്രധാനമായ ഇരുപത്തെട്ടാം ഓണാഘോഷ ഉത്സവത്തിന്റെ ഭാഗമായി ഇന്ന് ഓച്ചിറയിൽ പ്രസിദ്ധമായ കാളകെട്ടുത്സവം നടക്കും. ചെറുതും വലുതുമായ കെട്ടുകാളകളെ വൈകിട്ട് പരബ്രഹ്മ സന്നിധിയിലേക്ക് എഴുന്നള്ളിക്കും. കാളകെട്ടുത്സവത്തോട്

അനുബന്ധിച്ച് ദേശീയപാത 66 ൽ കരുനാഗപ്പള്ളി മുതൽ കായംകുളം വരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തും.

************************

## Amebic encephalitis

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലായിരുന്ന ഒരു കുട്ടി കൂടി രോഗം ഭേദമായി ആശുപത്രി വിട്ടു. നിലവിൽ രണ്ട് കുട്ടികളാണ് ചികിൽസയിൽ തുടരുന്നത്. ഇവരുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് അധികൃതർ പറഞ്ഞു.

************************

## PUTIN INDIA VISIT

റഷ്യൻ പ്രസിഡന്റ് വ്ലാഡിമർ പുടിൻ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ഈ വർഷം ഡിസംബറിൽ ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തുമെന്ന് റഷ്യൻ പ്രസിഡന്റിന്റെ ഓഫീസ് അറിയിച്ചു. 2022 ൽ ആരംഭിച്ച യുക്രൈൻ സംഘർഷത്തിന് ശേഷം ഇതാദ്യമായിട്ടാണ് വ്ലാഡിമർ പുടിൻ ഇന്ത്യ സന്ദർശിക്കുന്നതെന്നും വക്താവ് അറിയിച്ചു.

************************

## INDIA CHINA

ഇന്ത്യ- ചൈന നേരിട്ടുള്ള വിമാന സർവീസുകൾ ഈ മാസം അവസാനത്തോടെ പുനരാരംഭിക്കാൻ ഇരു രാജ്യങ്ങളും ധാരണയായി. പുതുക്കിയ വ്യോമ സർവീസ് സംബന്ധിച്ച്ഇരു രാജ്യങ്ങളിലെയും വ്യോമയാന മേഖലയിലെ ഉദ്യോഗസ്ഥർ ചർച്ച നടത്തിയതായി കേന്ദ്ര വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

************************

****************

*******